



# നമ്മുടെ സെലീനാമ്മ

## കവിതാമാലിക

# നമ്മുടെ ഡെലീനാമ്മ




(കവിതാ മാലിക)

| | | |
|---|---|---|
| Title | : | Nammude Celinamma |
| (Poems) | | |
| Language | : | Malayalam |
| 1st Impression | : | 2021 July |
| Layout | | |
| Printed at | : | St. Joseph Orphanage Press |


| | | |
|---|---|---|
| Copy rights | : | Author |

## അനുഗ്രഹാശംസ



സ്വർഗ്ഗത്തിന്റെ കൃപകൾ അനിതരസാധാരണ മായി ഏറ്റുവാങ്ങിയ ആത്മാഭിഷേകത്തിന്റെ ജീവിതമായിരുന്നു ദൈവദാസി സെലീനാമ്മയുടേത്. പരി. ത്രിത്വ കൂട്ടായ്മയിൽ നിരന്തരം ജീവിച്ച്, ആ പരിശുദ്ധ സ്നേഹം തന്റെ സഹജരിലേയ്ക്കും പ്രേഷിത മണ്ഡലങ്ങളിലേയ്ക്കും അനിർഗളം ഒഴുക്കിയ ഈശോയുടെ ആ ദിവ്യപ്രേയസി സി.എം.സി. നൗകയെ അതിവിദഗ്ദ്ധമായി സ്വർഗ്ഗം ലക്ഷ്യമാക്കി നയിച്ച കർമ്മസാരഥിയായിരുന്നു. അമ്മയിൽ നിറഞ്ഞുനിന്ന ആഴമായ ദൈവസ്നേഹവും സഹോദരസ്നേഹവും തിരുസഭാത്മകതയും സമർപ്പിതജീവിതത്തികവും വിനയവും തുറവിയും ആധികാരികതയും ദീർഘവീക്ഷണവും കാലഘട്ടങ്ങൾക്കു വഴിവിളക്കുകളായി മാറുന്നു എന്നത് നമുക്ക് അഭിമാനാർഹമാണ്. നിരന്തര ദൈവസാന്നിദ്ധ്യ അവബോധമാണ് കർമ്മലയുടെ അടിസ്ഥാന ഭാവമെന്ന് ചൂണ്ടിക്കാട്ടി അമ്മ ഇപ്രകാരം പറയുന്നു, ''തിരക്കുപിടിച്ച പ്രവർത്തനങ്ങളുടെ മദ്ധ്യേ നമ്മുടെ അന്തരംഗജീവിതത്തിന് കോട്ടം വരുത്താതിരിക്കാൻ ഒരു നിർബന്ധബുദ്ധി തന്നെ നമുക്കുവേണം. അല്ലെങ്കിൽ നാം ഏത് ഉദ്ദേശ്യത്തോടെ സഭയിൽ പ്രവേശിച്ചുവോ ആ അന്ത്യത്തിൽ ചെന്നെത്തുമോ എന്നുതന്നെ സംശയിക്കേണ്ടിയിരിക്കുന്നു'' (മാതൃമൊഴികൾ, പേജ് 22).

ധന്യയായ ഈ കർമ്മലകന്യകയിൽ, ഉത്തമയായ ഈ ധ്യാന കർമ്മയോഗിയിൽ വിളങ്ങിനിന്ന ആത്മീയകൃപകളെ ലളിതസുന്ദരമായ വരികളിലൂടെ വാഴ്ത്തിപ്പാടാൻ നമ്മുടെ പ്രിയപ്പെട്ട സിസ്റ്റേഴ്സിന് അവസരമൊരുക്കിയിരിക്കുന്ന ഈ കവിതാമാലിക, ഒരു സാഹിത്യകൃതി എന്നതിനേക്കാൾ സിസ്റ്റേഴ്സിന് സെലിനാമ്മയോടുള്ള ഹൃദ്യമായ ആത്മബന്ധത്തിന്റെ നേർക്കാഴ്ചയാണ്. ഈ ഗ്രന്ഥത്തിന്റെ പ്രചോദകയായ മീഡിയ കൗൺസിലർ സി. ജെയ്സിലിയെയും ഇതിനു പിന്നിൽ പ്രവർത്തിച്ച എഡിറ്റോറിയൽ ബോർഡ് അംഗങ്ങളെയും ഞാൻ അകമഴിഞ്ഞ് അഭിനന്ദിക്കുന്നു. ഈ കവിതകൾക്ക് രൂപഭാവങ്ങൾ നല്കിയ എല്ലാ പ്രിയപ്പെട്ട സിസ്റ്റേഴ്സിനെയും അഭിനന്ദിക്കുന്നതോടൊപ്പം ഈ ഗ്രന്ഥം അനേകർക്ക് ദൈവദാസി സെലിനാമ്മയെ അടുത്തറിയാനുള്ള പ്രചോദന മാർഗമാകട്ടെ എന്ന് സ്നേഹപൂർവ്വം ആശംസിക്കുകയും ചെയ്യുന്നു.

**ഡോ. സി. പ്രസന്ന സി.എം.സി.**
പ്രൊവിൻഷ്യൽ സുപ്പീരിയർ

# അവതാരിക



അന്തരാളത്തിലെ ത്രിത്വസാന്നിദ്ധ്യത്തെ
അനുദിന ധ്യാനത്താൽ ജ്വലിപ്പിച്ച നായികേ,
അൻപെഴും നിത്യസ്നേഹകൂടാരത്തിൽ
അലിവാൽ നയിക്കണേ തനയരാം ഞങ്ങളെ...

പരി. ത്രിത്വകൂട്ടായ്മയിൽ ലയിച്ച്, ജീവിതം തന്നെ സ്നേഹമാക്കി മാറ്റിയ പുണ്യതാരമായ ദൈവദാസി സെലിനാമ്മയെക്കുറിച്ചോർക്കുമ്പോൾ ഹൃദ്യമായ കവിതകൾ വിരിയുക സ്വാഭാവികമാണ്... ആത്മസാക്ഷാത്ക്കാരത്തിന്റെ മഹനീയ മാതൃകയായ ആ ധന്യജീവിതത്തെ വരച്ചുകാട്ടാൻ എല്ലാ സാഹിത്യരൂപങ്ങളും ഒന്നുപോലെ സന്നദ്ധമാണ്. ദൈവസ്നേഹത്താൽ ജ്വലിച്ച് സഹോദരസ്നേഹത്താൽ ത്രസിച്ച് ആത്മരക്ഷയ്ക്കായി എരിഞ്ഞ് സ്വർഗ്ഗം സ്വന്തമാക്കിയ ആ പുണ്യവനിതയുടെ പാത പിന്തുടരാനും ആ ജീവിതസാധനയെ തിരിച്ചറിഞ്ഞ് അഭ്യസിക്കുവാനും അമ്മയെപ്പറ്റിയുള്ള രചനകളെല്ലാം നമ്മെ ഏറെ സഹായിക്കുന്നുണ്ട്. നമ്മുടെ പ്രോവിൻസിലെ സിസ്റ്റേഴ്സിന് ദൈവദാസി സെലീനാമ്മയോടുള്ള ആത്മാർത്ഥസ്നേഹവും ഹൃദയബന്ധവും വ്യക്തവും ശക്തവുമായി വെളിപ്പെടുത്തുന്നതാണ് ഈ കവിതാമാലിക. വരികളുടെ സൗകുമാര്യത്തേക്കാളേറെ, ഹൃദയത്തിന്റെ ആത്മാർത്ഥത ഈ കവിതകളിൽ തെളിഞ്ഞുകാണാം. ത്രിത്വകൂടാരത്തിലെ അന്തേവാസിയായ സെലീനാമ്മയുടെ ജീവിതപുണ്യങ്ങൾ വാഴ്ത്തിപ്പാടുന്ന ഈ കവിതകളുടെ ആത്മാവിലേക്കു നോക്കിയാൽ നാം ദർശിക്കുന്നത് ത്രിത്വസാന്നിദ്ധ്യാനുഭവത്തിൽ ലയിക്കാൻ ദാഹിക്കുന്ന ആത്മാക്കളുടെ ഹൃദയത്തുടിപ്പുകളാണ് ഈ ഗ്രന്ഥസൃഷ്ടിയിൽ സഹായമായ എല്ലാവരെയും പ്രാർത്ഥനാപൂർവ്വം നന്ദിയോടെ ഓർക്കുന്നു. എല്ലാ ദൈവിക ചുവടുവയ്പ്പുകൾക്കും ആത്മാർത്ഥമായി പ്രോത്സാഹനവും അനുവാദവും അനുഗ്രഹാശംസകളും നൽകുന്ന സ്നേഹം നിറഞ്ഞ പ്രൊവിൻഷ്യലമ്മയെയും കൗൺസിൽ അംഗങ്ങളെയും കൃതജ്ഞതയോടെ അനുസ്മരിക്കുന്നു.

സ്നേഹപൂർവ്വം

**സി. ജെയ്സിലി സി.എം.സി.**
പ്രൊവിൻഷ്യൽ കൗൺസിലർ

# ഉൾത്താളുകളിൽ


| | | |
|---|---|---|
| അമ്മേ!നമോവാകം | - സി. യൂക്കരിസ്റ്റ് | 06 |
| ത്രിത്വ സംവാഹക | - സി. ലിസ്ബെത്ത് മരിയാ | 08 |
| അമൃതാലൊരമ്മ | - സി. സി. ആൻ ഗ്രേയ്സ് | 10 |
| രമ്യഹർമ്യമീ ത്രിത്വം | - സി. മേരി ട്രീസാ | 12 |
| പ്രിയനോടൊത്ത്...... | - സി. മേബിൾ മോനിക്ക | 14 |
| ഭക്തികർമ്മയോഗം | - സി. സുനിത എലിസബത്ത് | 16 |
| പരി. ത്രിത്വസന്നിധേ | - സി. സംഗീത മേരി | 18 |
| ത്രിത്വം ഭാഗ്യമാക്കിയവൾ | - സി. ജെയ്സിലി | 20 |
| അകം | - സി. അൻസ മരിയ | 22 |
| കാർമ്മലിൻ കനിമണി | - സി. ട്രീസാ ജോസ് | 24 |
| പഴമയിൽ വിരിഞ്ഞ പുതുമ | - സി. ജെയിൻ റോസ് | 26 |
| പരി. ത്രിത്വമേ... | - സി. റോസ് ബിയാട്രിസ് | 28 |
| ത്രിത്വത്തിൻ ആത്മമിത്രം | - സി. മേരി ജെസ്ലെറ്റ് | 30 |
| ത്രിത്വതപസ്വിനി | - സി. ജൂലി തെരേസ് | 32 |
| ആർദ്രസ്നേഹ സുകൃതിനി | - സി. അനീറ്റാ | 34 |
| ത്രിത്വത്തിൻ നിറവ് | - സി. ഇസബൽ റോസ് | 36 |
| സാന്നിദ്ധ്യനിറവ് | - സി. ആൻസില | 38 |
| പരിശുദ്ധ ത്രിത്വോപാസക | - സി. എൽസ മരിയ | 40 |
| ലയനം | - സി. ശാന്തി | 42 |
| ആത്മാവിന്റെ അതിഥി | - സി. ഷാരോൺ കാതറീൻ | 44 |
| ത്രിത്വോപാസക | - സി. ബീനാ മരിയ | 46 |
| സ്വർഗീയ പ്രേയസ്വിനി | - സി. പാവന മരിയ | 48 |
| മാലാഖമാർക്കൊപ്പം | - സി. പുഷ്പ | 50 |
| മുകിൽ പന്തൽ | - സി. മാഗി എലിസബത്ത് | 52 |
| ത്രിത്വത്തിന്റെ ലില്ലിപ്പൂവ് | - സി. ജോസ്മി ഗ്രേസ് | 54 |
| കർമ്മലകാന്തി | - സി. ആലീസ് ശുഭ | 56 |
| സുകൃതസാരഥി | - സി. മേബിൾ | 58 |





# അമ്മേ! നമോവാകം

സി. യൂക്കരിസ്റ്റ്



പരിശുദ്ധ ത്രിത്വത്തോടു അവിഭക്തബന്ധമേറെ
പുലർത്തിയ സെലീനാമ്മേ നമസ്കാരംതേ
ഹിപ്പോളിറ്റസ് പിതാവുമായാലോചിച്ചു സെലീനാമ്മ
സി.എം.സി.യെ സംയോജിത സഭയുമാക്കീ.

സുഗന്ധവാഹിനിയാകും ദൈവദാസീ സെലീനാമ്മേ
സംയോജിത സി.എം.സി. തന്നാദ്യ ജനറാൾ
അമ്മേ ഞങ്ങൾ അമ്മയെപ്പോൽ വിശുദ്ധിയിൽ പാടിടട്ടെ
നീ മാത്രം... നിന്റെ മാത്രം... നിനക്കായ് മാത്രം.

ധീരമായ സഹനവും ഈശോയോടു ഗാഢൈക്യവും
അമ്മയുടെ വിജയത്തിൻ രഹസ്യമത്രേ.
എല്ലാമെല്ലാം തമ്പുരാനോടാലോചിച്ചു അമ്മ ചെയ്തു
ആയതേറ്റം വിവേകത്തിൻ പാരമ്യമത്രേ.

വിശുദ്ധയാം അമ്മത്രേസ്യാ, വിശുദ്ധനാം യോഹന്നാൻ ക്രൂസ്
ഇവരെപ്പോൽ പ്രണിധാനത്തിലെത്തി അമ്മ
പ്രാർത്ഥനയും വർത്തനവും യോജിപ്പിച്ചു വളർന്നവൾ
നമുക്കേറെ ഉണർവ്വമ്മ പകർന്നുവല്ലോ.

കർമ്മലതൻ ചൈതന്യമാം മഹിമയുള്ള ഭാവവും
മധുരശൈലിയുമമ്മ തൻ സ്വന്തമാക്കീ
അമ്മയിന്നു മക്കളോടു നിമിഷേണ ചൊല്ലിടുന്നൂ
പിന്തിരിയൂ ദിവ്യനാഥൻ തൻ പക്കലേയ്ക്ക്.

8





# ത്രിത്വ സംവാഹക

സി. ലിസ്ബെത്ത് മരിയാ

ആത്മാവിൻ അന്തരാളങ്ങളിൽ
ജ്വാലയായ് പ്രശോഭിക്കും
ത്രിത്വത്തിൻ സുഗന്ധമറിഞ്ഞ
ധീര കന്യക സെലീനാമ്മ
നിർവൃതിയുടെ തീരങ്ങളിൽ
ത്രിത്വത്തിൽ ചാലിച്ച നറുതൈലം
അന്തരാത്മാവിന്റെ ലേപനമായ്
സൗഖ്യമായ് തീർത്തവൾ സെലീനാമ്മ
ഹൃദയത്തിന്നുള്ളറയിൽ വസിക്കും
പരിശുദ്ധ ത്രിത്വത്തിൽ മിഴികൾ ഊന്നീ
അധരത്തിൽ സ്തുതി മന്ത്രവുമായ്
സുകൃതവഴിയേ ചരിക്കും സെലിനാമ്മ
ത്രിത്വത്തിൻ ദർശനം സദാപി സാധ്യമായി
നിയതം സംഭാഷണം ചെയ്തങ്ങ്
നിത്യകർമ്മമനുഷ്ഠിച്ച തപസ്വിനി
കർമ്മലതാരമാം സെലീനാമ്മ
അമ്മേ നീ ഞങ്ങളിൽ കൊളുത്തിയ ദീപം
അണയാതെ പകർന്നേകുവാൻ
ത്രിത്വത്തിൽ നിന്നും അനുഗ്രഹമേകൂ.
ത്രിത്വസംവാഹകയാം സെലീനാമ്മേ.

10





# അമൃതാലൊരമ്മ


സി. ആൻ ഗ്രേയ്സ്

നമ്മുടെ സെലീനാമ്മ

കർമ്മലതൻ അഭിമാനമാം സെലീനാമ്മേ
തവജീവിത മാതൃക എത്ര ശ്രേഷ്ഠം
ഏകാന്തവും ധ്യാനവും നിറഞ്ഞൊരാ ജീവിതം
ഈശോതൻ പ്രിയപ്രേയസി സെലീനാമ്മ
സി.എം.സി. തൻ ആദ്യജനറാളമ്മ
സംയോജനത്തിനായി പ്രയത്നിച്ച ധീരകന്യ
എന്നുമെപ്പോഴും സക്രാരിയുടെ കൂട്ടുകാരി
ഈശോതൻ പ്രിയ കളിത്തോഴി
നീണ്ടനേരം ദിവ്യനാഥനുമായി സല്ലപിച്ചവൾ
തവ ജീവിതം എത്ര മഹനീയം
ജീവിതം മുഴുവൻ ഹോമിച്ചവൾ സെലിനാമ്മ
പ്രിയമുള്ള അമ്മേ സ്നേഹതായേ
എളിമതൻ നിറകുടമേ അമ്മേ
സന്ന്യാസ ജീവിതത്തിൻ മാതൃകയേ
വിശുദ്ധിതൻ വറ്റാത്ത നീരുറവേ
സ്വർഗത്തിൽ ഞങ്ങൾക്കായി മാദ്ധ്യസ്ഥം ഏകിടൂ
ത്രിത്വാനുഭവത്തിൽ ലയിച്ചവൾ നീ
ത്രിത്വാത്മ ബന്ധത്തിൽ മറഞ്ഞവൾ നീ
സെലീനാമ്മേ ഞങ്ങൾക്കായി പ്രാർത്ഥിക്കണേ
കാർമ്മലിൽ താരങ്ങളായ് മാറിടാൻ.

12






# രമ്യഹർമ്മ്യമീ ത്രിത്വം

സി. മേരി ട്രീസാ



കർമ്മലകന്യേനിൻ മിഴികളൊന്നുയർത്തൂ
കാഞ്ചന ശോഭിത സ്വർഗ്ഗം കാണ്മൂ
നിൻഹൃദയ വിപഞ്ചിതൻ പ്രേമധാമം
ഈശോനാഥനെ കൺകുളിർ കാൺക
എൻസോദരി ഇത് പരലോക ഭാഗ്യമല്ലി-
ഹലോകേ നിൻ ഹൃത്തിൽ വാഴ്‌വൂ ത്രിത്വം
കർമ്മലവാടിതൻ ത്രിത്വസഹചാരി
നിൻ ജ്യേഷ്ഠസോദരി സെലിനാ ഇത്
പരിശുദ്ധ ത്രിത്വമേ എന്നുടെ ഭാഗ്യമേ
ഉൾസൂര്യനിലേക്കായി മിഴിതുറക്കൂ.
ഷഷ്ഠിതവണ ജപിക്കാതിരുനാമം
സർവ്വതും സാദ്ധ്യമേ നിന്റെ സ്വപ്നം
ത്രിത്വസൗഗന്ധിക സൗരഭ്യമേകുന്ന
മഞ്ജുള കന്യയായി പരിലസിക്ക
നിന്നുടെ ഹൃത്തിലെ സ്നേഹരഹിതമാം
ചെയ്തികളൊന്നായി ഏകുക നീ
പാരംചാരുവായ് മാറ്റിത്തീർക്കുമത്
ഭാസുരാകൃതി പാവനത്രിത്വം
ആബാ ഈശോറൂഹാ ആബാ ഈശോ റൂഹാ
നിൻ നാവിൽ നിത്യം സ്ഫുരിച്ചിടട്ടെ.





# പ്രിയനോടൊത്ത്......

സി. മേബിൽ മോനിക്ക

ഉൾക്കരുത്തോടെ ജ്വലിച്ച സെലിനാമ്മ
ഉണ്മയാം ദൈവത്തെ ദർശിച്ചീടാൻ
ഉള്ളിൽ വസിച്ചീടും ത്രിത്വസാന്നിദ്ധ്യത്തിൽ
ഉള്ളിലെ ചിന്തകൾ പുണ്യമാക്കി.
പ്രിയനോടൊത്ത് സഹവസിച്ചീടുവാൻ
പ്രഭാതസൂര്യനെ തോല്പിച്ചവൾ
കൽത്തൂണിൽകെട്ടി ചമട്ടിയടിയേറ്റ
കർത്താവിൻ രൂപത്തെ ധ്യാനിച്ചവൾ
കുർബാന സന്നിധേ ധ്യാനനിർല്ലീനയായ്
ത്രിത്വത്തിൻ ജീവിത പ്രേയസിയായ്
ആത്മാക്കൾ രക്ഷയെ കാംക്ഷിച്ചവളുടൻ
പ്രാർത്ഥന നിത്യവും യാവനമായ്
ആത്മം വിശുദ്ധീകരിച്ചിടുവാനായ്
ആത്മാവിൻ ഉൾക്കോട്ട പ്രാപിച്ചു നീ
രാത്രിതൻ യാമത്തെ ശുദ്ധീകരിച്ചു നീ
നിശബ്ദസ്നേഹത്തിൻ മൗനിയായ്
ത്യാഗമാം വീഥിയെ പുല്കീടുവാനായ്
ലാളിത്യം ജീവിത ശൈലിയാക്കി
ത്രിത്വൈക ദൈവത്തിൻ വാസഗേഹമാകാൻ
ഉൾക്കരുത്തോടമ്മ താപസിയായ്

16





# ഭക്തികർമ്മയോഗം

സി. സുനിത എലിസബത്ത്

കാലദേശങ്ങൾക്കെല്ലാം മാർഗദീപമായെന്നും
ശോഭിക്കും താരകമായ് പിറന്നു അന്നക്കുട്ടി
മാർതോമ സ്പർശനത്താൽ ധന്യമാം കേരളത്തിൽ
മൂഴിക്കുളം ഗ്രാമത്തിൻ അഭിമാനമായ് മാറി.
മൗനവും പ്രാർത്ഥനയും കൈമുതലാക്കിയെന്നും
ലാവണ്യസുമമായി വളർന്നീ സുകൃതിനി
പ്രാർത്ഥന പുണ്യാഭ്യാസം ലാളിത്യജീവിതവും
ഈ സുകൃതിനിക്കെന്നും ആടയാഭരണംപോൽ
സ്ഥാപക ചൈതന്യത്തിൻ ജീവിക്കും സാക്ഷിയായി
കാർമ്മലിൽ വിളങ്ങുവാൻ വിളികേട്ടണഞ്ഞമ്മ
കർമ്മലാംബയ്ക്കരുമ സഹജർക്കാലംബവും
നന്മതൻ വിളനിലം സഭതൻ സാരഥിയും
സ്വർഗീയതാതൻ തന്റെ അരുമമകളായി
രക്ഷകനേശുവിനോ പ്രേയസിയതുമായി
റൂഹായാം ദൈവം തന്റെ ശുദ്ധകൂടാരമായി
ത്രിത്വത്തിൻ ആവാസത്താൽ വിഹരിച്ചീസുകൃതിനി
ധ്യാനേന മദ്ഭക്താ കർമ്മണ മദ്അർപ്പിതാ
ഭക്തികർമയോഗത്താൽ നിറഞ്ഞോൾ സെലീനാമ്മ
ജീവനിൽ ശ്വാസംതന്നിൽ ദൈവമന്ത്രണംപേറി
ത്രിത്വകൂടാരമായ മാതൃവേ...ജയാജയാ...



18



നമ്മുടെ സെലിനാമ്മ

# പരി. ത്രിത്വസന്നിധേ

സി. സംഗീത മേരി



ഹാ! നൂതന സൗന്ദര്യധാമമാം
ആത്മദാന മാതൃകയെ
ആത്മാവിൻ അകത്തളങ്ങളിൽ
ആവോളം നുകർന്ന ഭാഗ്യവതി
സൂര്യരശ്മി തൻ കതിർത്തട്ടി
പ്രശോഭിച്ചിടും മകുടംപോൽ
ആത്മാവിൻ ദിവ്യാഗ്നിജ്വാലയാൽ
സ്നേഹപ്രഭയായി മാറി ധീരകന്യക
എൻ ജീവനെ എൻ സ്നേഹമെ
എൻ ആനന്ദമെ എൻ ഭാഗ്യമെ
എൻ സർവ്വസ്വമ്മേയെന്ന് ദിവ്യാതിഥിയെ
ഹൃത്തതിൽ മന്ത്രിച്ച ദൈവദാസി
ത്രിത്വത്തിൻ സന്നിധികൂടാരമായതും
മൂവർതൻ സഹവാസവും നുകർന്ന്
തന്നിൽതന്നെ സ്വർഗ്ഗവും കണ്ടെത്തി
അധിവാസ രഹസ്യ ദൃശ്യചിഹ്നമായ്
മക്കളേ ത്രിത്വസഹവാസമാകണം
കർമ്മലാദ്ധ്യാത്മിക അന്തഃസത്ത
പിതൃഭവന വാസസ്ഥലമാം പൊരുളിനെ
ഉള്ളിൽ ഗമിച്ചിടാൻ ശൂന്യരാകൂ.

20





# ത്രിത്വം ഭാഗ്യമാക്കിയവൾ

സി. ജെയ്സിലി

അന്തരാത്മാവിലെ ത്രിതൈ്വകസാന്നിധ്യം
അക്ഷരാൽ അമ്മ അനുഭവിച്ചു.
അനുദിനമാദിവ്യ സ്നേഹം നുകർന്നതാൽ,
സെലിനാമ്മ സ്നേഹക്കടലായ് മാറി
ഏതു നേരത്തിലും ഏതു സമയത്തും
ഉള്ളിലേയ്ക്കമ്മ ഒളിഞ്ഞുനോക്കി
ഉള്ളിൽ വസിക്കുന്ന ത്രിതൈ്വകദൈവത്തെ
ദർശിച്ചനവരതം മൊഴിഞ്ഞു.
പരിശുദ്ധ ത്രിത്വമേ, എന്റെ സൗഭാഗ്യമേ,
നീയാണെൻ ജീവനും സർവ്വസ്വവും
ആ ദിവ്യാനുഭവം പുഞ്ചിരിയായ് സദാ
അമ്മതൻ വദനേ തിളങ്ങി നിന്നു
മൂന്നെന്ന നമ്പരോ മൂന്നു വസ്തുക്കളോ
എവിടെക്കണ്ടാലുമാ മനമുയരും
ത്രിതൈ്വക നാഥനു സ്തുതിയായ് മൊഴിഞ്ഞിടും
പരിശുദ്ധ ത്രിത്വമേ, എൻ ഭാഗ്യമേ
മരണക്കിടക്കയും അമ്മയ്ക്കു മണവറ
പരിശുദ്ധ ത്രിത്വ സഹവാസത്തിൽ
പ്രണയമന്ത്രമോതി ത്രിത്വകരങ്ങളിൽ
ആത്മം സമർപ്പിച്ചു സ്വർഗ്ഗം പൂകി





# അകം

സി. അൻസ മരിയ



അന്തരാത്മാവിൽ ആനന്ദ അഞ്ജനം
അന്തരംഗത്തിൽ തെളിഞ്ഞ ത്രിത്വം
ഏകാന്തവാസി തൻ ഛായ സാദൃശ്യങ്ങൾ
ധ്യാനിച്ച് പ്രണയിച്ചെരിഞ്ഞുയർന്നു
ആത്മസത്തയാം സാരാംശത്തിൻ മുമ്പിൽ
മൗന സംഗീതത്തിൽ താളമോടെ
പതിവ്രതയ്ക്കൊത്തൊരു ഭാവരാഗത്തോടെ
ദേഹീ ദേഹങ്ങൾ സമർപ്പിച്ചവൾ
കാർമ്മലിൻ പുണ്യചരിതരെ പിഞ്ചെന്ന്
ലയന പാതയെ പുല്കിയവൾ
വള്ളിക്കുടിലുകൾ തീർക്കുവാൻ മോഹിച്ചു
ഏകാന്തപ്രേമിയാം സെലിനാമ്മ
അല്പം കുനിഞ്ഞ ശിരസ്സോടെ നീങ്ങിയും
രാത്രിയാമങ്ങളിലുണർന്നിരുന്നും
സ്വന്ത പാപങ്ങളും ത്രിത്വത്തിൻ സ്നേഹവും
തപിച്ചു പൊഴിച്ചു മിഴിനീർക്കണം
മൂന്നെന്ന സംഖ്യയോടെല്ലാമുപമിച്ച്
കണ്ടു, പറഞ്ഞു, പഠിപ്പിച്ചവൾ
ഉള്ളിലെ ഉൺമയിൽ സായൂജ്യയായ്തീർന്നു
ത്രിത്വത്തെ ദർശിച്ചു സോദരിലും



24

# കാർമ്മലിൻ കനിമണി

സി. ട്രീസാ ജോസ്

നമ്മുടെ സെലീനാമ്മ



ആത്മാവിലൂടെ ദൈവം നൽകിടും വരദാനം
ആത്മസമർപ്പണത്തിൻ ആഴമാം പുണ്യജന്മം
മിശിഹാതൻ മണവാട്ടി ത്രിത്വത്തിൻ കുടിഗേഹം
കാർമ്മലിൻ പുണ്യസൂനം ധീരയാം സെലീനാമ്മ
സൂപ്പർഫാസ്റ്റ് വേഗമോടും ലോകത്തിൻ ഗതിതന്നിൽ
ശാന്തയായ് സ്വസ്ഥയായി മേവിയോൾ സെലീനാമ്മ
പിതാപുത്ര ശുദ്ധാത്മാവിൽ ലയിച്ച വെൺജീവിതം
ധ്യാനകർമ്മത്തിൻ ധാര നീളവെ പൊഴിച്ചവൾ
ശൂന്യയായ് തീരാൻ വെമ്പി സഹജസേവകയായ്
യേശുവിൻ പീഢാധ്യാനം വഴിയായ് കരുത്തേറി
സഹജർതൻ വേദനയിൽ സ്നേഹത്തിൻ തൈലം പൂശി
ത്രിത്വകൂടാരങ്ങളായി അവരെ സ്നേഹിച്ചമ്മ
കാർമ്മലിൻ കനിമണി ഏലിയാ തന്റെ പുത്രി
സ്നേഹമയിയാമമ്മേ പ്രാർത്ഥിക്ക ഞങ്ങൾക്കായി
സക്രാരിയ്ക്കരികിൽ ത്രിത്വത്തിൽ ലയിച്ചപോൽ
ത്രിത്വകേദാരങ്ങളായി ഞങ്ങളെ വളർത്തണേ
സ്നേഹലീനയാമമ്മേ ജീവിതശൈലിയെന്നും
മക്കളാം ഞങ്ങൾക്കെല്ലാം മാതൃകയാകുന്നല്ലോ
സ്വർഗേഹം തന്നിലമ്മേ ത്രിത്വസ്തുതികൾ ചൊല്ലി
മക്കളാം ഞങ്ങൾക്കായി മാദ്ധ്യസ്ഥം വഹിക്കണെ.

26





# പഴമയിൽ വിരിഞ്ഞ പുതുമ

സി. ജെയിൻ റോസ്

കർമ്മലസഭാ നൗകയെ സ്നേഹതീരത്തണച്ചീടാൻ
മുൻനിരയിൽനിന്നു വഞ്ചി തുഴഞ്ഞവളെ
ലൗകികമായതെല്ലാം നാഥനായ് ത്യജിച്ചു നീ
പഴമയിൽ പുതുമ കണ്ടെത്തിയവളെ
സോദരങ്ങളെല്ലാരേയും പ്രാർത്ഥനാനുഭവത്തിൽ
നയിക്കുവാൻ ജീവിത മാതൃക നീ നൽകി.
സദുപദേശങ്ങളിലും മാർഗ്ഗ നിർദേശങ്ങളിലും
സർവ്വോപരി ദൈവത്തിലും ചരിച്ചവൾ നീ
ഉള്ളിലുള്ള ത്രിത്വാനുഭവ സാന്നിധ്യത്താൽ ജീവിച്ചൊരു
യേശുവിന്റെ പ്രാണപ്രിയേ, സെലീനാമ്മേ
സഹനത്തിൽ സ്വർഗ്ഗീയ മാധുര്യമനുഭവിച്ചും
ആത്മാക്കൾ തൻ രക്ഷയ്ക്കായ് ജീവിച്ചവളെ
അവിഭക്തഹൃദയത്താൽ ദിവ്യനാഥനെ സ്നേഹിച്ച
പഴമയിൽ വിരിഞ്ഞൊരു പുണ്യസൂനം നീ
ശാന്തത ശാലീനത ചേർന്ന വദനത്താലെന്നും
സഹജരെ മോദിപ്പിച്ച ചാവറ പുത്രി
ദിവ്യകാരുണ്യഭക്തിയാലും പീഡാനുഭവധ്യാനത്താലും
ആദ്ധ്യാത്മിക ചൈതന്യത്താൽ നീ ഉയർന്നല്ലോ.
ആന്തര്യാമിയായുള്ളിൽ വസിക്കുന്ന ത്രിത്വത്തിൽ
ഊറിയൂറി ലയിച്ചൊരു കർമ്മയോഗിനി.

28





# പരി. ത്രിത്വമേ... എന്റെ ഭാഗ്യമേ

## സി. റോസ് ബിയാട്രിസ്





പാവനമാം തൻ ഹൃദയത്തിലെന്നേരവും
സ്നേഹത്തോടെയമ്മ ശ്രുതിമീട്ടിപാടി
പരിശുദ്ധ ത്രിത്വമേ എൻ ഭാഗ്യമേ
അധരത്തിൽ വിരിഞ്ഞു ശാന്തി മന്ത്രം
ത്രിത്വത്തിൽ നിരന്തരം സഹവസിച്ച്
ദിവ്യകാരുണ്യത്തെ പ്രണയിച്ച പ്രണയിനി
അടുത്തറിയാനായി സ്വയം അഭിലഷിച്ചു
നേരിൽ വരേണമവർ കാതിൽ പറയേണം
നിർമ്മല പ്രണയത്തിൻ സ്നേഹാഭിലാഷത്താൽ
ഹൃദയത്തിലേവം പ്രണയാഗ്നി സൂക്ഷിച്ചു
അനന്യമാം ആത്മീയാനുഭൂതിയാൽ ചൊന്നേവം
ഇഷ്ടമാണേറെ നിന്നെ എൻ നാഥാ
ത്രിത്വൈക ദൈവത്തെ സ്മരിച്ചാ ഹൃത്തടം
നിത്യസഹചാരി ഗുരു സ്നേഹിതനാണവൻ
ധ്യാനത്താൽ ദൈവൈക്യം പ്രാപിച്ചെടുത്തമ്മ
കർമ്മല മക്കൾക്കിന്നഭിമാനമാണമ്മ
പ്രാർത്ഥിക്കുമമ്മേ എൻ ത്രിത്വത്തിൻ പ്രണയിനി
ത്രിത്വൈക ദൈവത്തെ പാർത്തതാം ദീപമേ
കർമ്മലസഭ തന്നുടെ പ്രിയ അമരക്കാരി
മക്കൾ വണങ്ങുന്നു അമ്മയെ മോദാൽ

30





# ത്രിത്വത്തിൻ ആത്മമിത്രം

സി. മേരി ജെസ്‌ലെറ്റ്

നമ്മുടെ സെലീനാമ്മ





ത്രിത്വത്തിൻ പ്രിയദാസി
ത്രിത്വത്തിൻ ആത്മമിത്രം
ത്രിത്വത്തെ നോക്കിച്ചൊല്ലി
ത്രിത്വമേ എൻ ഭാഗ്യമേ!
ശാന്തിയായി, സൗഖ്യമായി
ശക്തിയായി നിരന്തരം
ത്രിത്വത്തിൻ സാന്നിദ്ധ്യവും
ത്രിത്വത്തിൻ ദർശനവും
പ്രാർത്ഥനാ മഞ്ജരികൾ
പ്രാണന്റെ തുടിപ്പായി
പുണ്യത്തിൻ പരിമളം
പാരിതിൽ വീശിയെന്നും
ആയിരം സുകൃതങ്ങൾ
ആയിരം പുണ്യങ്ങളും
ആത്മനാഥനോടൊപ്പം
ആത്മാവിൽ ചേർത്തുവച്ചു
കർമ്മല വാടികയിൽ
കണ്ണിമ പൂട്ടാതെന്നും
ത്രിത്വത്തെ പുൽകിയവൾ
ത്രിത്വത്തിൽ ലയിച്ചവൾ





# ത്രിത്വ തപസ്വിനി

സി. ജൂലി തെരേസ്





ത്രിത്വൈക ദൈവമെ എൻ പ്രിയ പ്രാണനെ
ത്രിത്വം വസിക്കും എൻ ആത്മ ഗേഹമെ
ഹൃദയാന്തരാളത്തിൽ വാഴുന്ന നാഥനെ
ഹൃദയം കൊണ്ടനുഭവമാക്കിയ ശ്രേയസി
പ്രപഞ്ചത്തിലും അപരനിലും ജീവിതാനുഭവങ്ങളിലും
പ്രപഞ്ചനാഥനെ അനുഭവിച്ചവൾ നീ
തീക്ഷ്ണതയാൽ എരിഞ്ഞ തപസ്വിനിയിവൾ
തിരുസക്രാരിയിൻ മുൻപിൽ സല്ലപിക്കും അമ്മ
ദൈവപിതാവിൻ പരിപാലനാനുഭവം തൊട്ടറിഞ്ഞ്
ദൈവത്തിൻ സാന്നിദ്ധ്യം അപരനിൽ ദർശിച്ചു
ആത്മാർത്ഥത തുടിച്ചുനിൽക്കുന്ന ആന്തരികത
ആത്മചൈതന്യം പ്രസരിക്കുന്ന സാന്നിദ്ധ്യം
തന്റെ പ്രിയനോട് ചേർന്നിരുന്ന് ഒന്നായ ഭാഗ്യവതി
തൻ ഹൃദയത്തിൽ ത്രിത്വസാന്നിദ്ധ്യം അനുഭവിച്ചവൾ നീ
എത്ര സ്നേഹിച്ചാലും എനിക്ക് പോരാ എന്ന് പറഞ്ഞവൾ
അത്രമാത്രം വേർപിരിയാൻ കഴിയാത്ത സ്നേഹം
ദൈവമെ നിന്നെത്തേടുന്നത് നിന്നോടുള്ള സ്നേഹത്താലെങ്കിൽ
ദൈവമേ നിന്നിൽ വിലയം പ്രാപിക്കാൻ കൃപയാകേണം
ദിവ്യകാരുണ്യ സന്നിധിയിൽ നോക്കി നീണ്ടമണിക്കൂറുകൾ
ദിവ്യ നാഥനെ കർമ്മവീഥിയിൽ പ്രസരിപ്പിച്ച അമ്മ





# ആർദ്ര സ്നേഹ സുകൃതിനി

സി. അനീറ്റാ



കർമ്മലതൻ സ്വന്തമായി വിളങ്ങീടും
സെലീനാമ്മേ അമ്മേ പുണ്യതായേ
സി.എം.സി. തനയരെ സൗഹൃദ പൊൻചരടിൽ
സാമോദം ചേർത്തുനിർത്താൻ യത്നിച്ചു നീ
ആത്മീയ നേതൃത്വത്തിൻ വിസ്മയം തീർത്ത
ആർദ്രമാം സ്നേഹം സുമോഹനമായി
ആത്മാവിൽ കുടികൊള്ളും ത്രിത്വത്തിൽ നിരതം
ആനന്ദം കണ്ടെത്തിയ സുകൃതിനി നീ
ഈശോയിൽ എന്നും ഈശോയോടൊപ്പം
ഈശോയ്ക്കുവേണ്ടി സർവ്വകർമ്മവും
ആത്മനാഥനുമായി ആഴമായ ബന്ധത്തിൽ
ആന്തരിക മൗനത്തെ സ്നേഹിച്ചു നീ
പ്രാർത്ഥനയും കുഞ്ഞുത്യാഗങ്ങളും
എന്നും ജീവിതത്തിൽ നിലനിർത്തിയല്ലോ
നലം തികഞ്ഞ മാതൃഹൃദയത്തിനുടമയെ
എന്നും അനുഗ്രഹം വർഷിക്കണേ





# ത്രിത്വത്തിൻ നിറവ്

സി. ഇസബെൽ റോസ്



നിർവൃതി തൻ നിറവിലായ് തനയർക്ക് ഏകിടുന്നു
മോദം സുരഭില ജീവിതം മർത്ത്യശോഭയെഴും സെലീനാമ്മ
ത്രിത്വത്തിൻ ആലയമാം ഹർമ്യാരാമവും
ദൈവത്തിൻ ആലയമാം ദേഹിയുമുള്ളവൾ
നുകർന്നിടുന്നേകുന്നു ത്രിത്വാനുഭവത്തെ
നെരിപ്പോടിലെരിയും കനലിന്റെ ചൂടാൽ
ഉള്ളിലെരിയും ത്രിത്വത്തെ വാഴ്ത്താൻ
ആവുകില്ല ജീവിതയാനം എന്നോതിയവൾ
ആസ്വദിച്ചങ്ങു മുഴുപ്പിച്ചു ജീവിതനൗക
അന്നു തുഴഞ്ഞങ്ങു നീങ്ങി കാറും കോളുമിളക്കും
ജീവിതത്തിന്റെ സുരഭില നിമിഷത്തെ ത്രിത്വവുമായ്
സ്നേഹനാളമായ് മിന്നിയവൾ ലസിച്ചു തനയർക്ക്
എന്നും വിശ്വാസ ശരണഉപവിതൻ കാന്തിപകരാൻ
മാറിൽ മയങ്ങുന്ന കുഞ്ഞിന്റെ നൈർമ്മല്യവും
താരാട്ടേകുന്ന വാത്സല്യമൊഴുക്കുന്ന ആർദ്രത
കാട്ടും അമ്മതൻ പൂർണ ഭാവവും
ഗുരുവിൻ പാഠമുദ്രകാട്ടും നല്ല ശീലവും
അകകൊട്ടാരത്തിന്റെ കാവലായ് വിളങ്ങും
സെലീനാമ്മയേകുന്നു ത്രിത്വാനുഭവം
എന്നും ജീവിക്കാൻ വളരാൻ ശോഭിക്കാൻ

38





# സാന്നിദ്ധ്യ നിറവ്

**സി. ആൻസില**



ദൈവദാസി സെലീനാമ്മയുടെ
ത്രിത്വസ്നേഹം അതിവർണ്ണനീയം
നിരന്തരമായ പ്രാർത്ഥനയാലേ
തിരുസാന്നിദ്ധ്യം സ്വന്തമാക്കി
    പിതാ പുത്ര പാവനാത്മാവാം
    ത്രിയേക ദൈവത്തിൽ ഐക്യപ്പെട്ട്
    സെലീനാമ്മയെന്നും ജീവിച്ചല്ലോ
    ഞങ്ങൾക്കെല്ലാം മാതൃകയായി
താപസികത ഒപ്പം ഉണ്ട്
ലളിതമായ ജീവിതശൈലി
കൽത്തൂണിലെ ഈശോ ശക്തിപകർന്നു
ജീവിതപാതേ അമ്മയ്ക്കെന്നും
    ആത്മാക്കൾ രക്ഷ ആത്മരക്ഷ
    ഹൃദയത്തിൽ ഏറ്റുവാങ്ങിയല്ലോ
    സിഎംസിയ്ക്കഭിമാനം ആയ അമ്മ
    തിരുസ്സഭയ്ക്കെന്നും മദ്ധ്യസ്ഥയായി
മുപ്പത്തിമൂന്നു പ്രാവശ്യം അമ്മ
ത്രിത്വസ്തുതികൾ ചൊല്ലിക്കൊണ്ട്
ത്രിത്വത്തോടൊപ്പം നിത്യം വസിച്ചു
അമ്മയെ ഞങ്ങൾ അനുകരിക്കുന്നു.

40





# പരിശുദ്ധ ത്രിത്വോപാസക

സി. എൽസ മരിയ

നമ്മുടെ സെലീനാമ്മ

കർമ്മലാരാമത്തിൽ വിടർന്നു ലസിക്കും
പുണ്യപ്രസൂനയാം സെലീനാമ്മ
നിന്നപദാനങ്ങൾ കീർത്തിച്ചുണർത്തീടാൻ
വരുന്നു നിൻമക്കൾ സ്നേഹമോടെ
മള്ളുശ്ശേരി നാടിൻ പൊന്നോമനപ്പുത്രി
തട്ടാട് പയ്യപ്പള്ളി കുടുംബം
അന്നക്കുട്ടിയെന്ന ചെല്ലപ്പേരിനാലെ
ഏവർക്കും കൺമണി പൊന്നോമന
സമയത്തിൻ പൂർത്തിയിൽ കർമ്മലോദ്യാനത്തിൽ
സ്വർഗ്ഗപിതാവ് പറിച്ചുനട്ടു
യേശുമണാളന്റെ വാത്സല്യ പ്രേയസി-
യാകുവാനങ്ങു തിരുമനസ്സായ്
കർമ്മലതന്നുടെ മുഖമുദ്രയായിടും മൗനം
ഏകാന്തത സ്വന്തമാക്കി
ത്രിത്വത്തിൻ തൃപ്പാദെ ദീർഘനേരമങ്ങു
ധ്യാനലീനയായ് പരവശയായ്
പരിശുദ്ധത്രിത്വമെ എന്റെ സമസ്തമെ
എന്നുടെ നിത്യസൗഭാഗ്യവുമെ
എന്ന മന്ത്രം ചൊല്ലി ധ്യാനത്തിൻ
ഉന്നത സോപാന ശൃംഗത്തിലെത്തിയമ്മ
ക്രൂശിതൻ സർവ്വാംഗം മുറിവേറ്റ ഈശോയെ
പ്രേമിച്ചു പ്രേമിച്ചു യോഗിയായി
എത്ര നല്ല ദൈവം, എന്തൊരു സൗഭാഗ്യം
സ്വർഗ്ഗീയ ജീവിതമെന്നതുമെ
എത്ര സ്നേഹിച്ചാലും എത്ര സ്നേഹിച്ചാലും
മതിയാവില്ലീ നല്ല ദൈവത്തെ ഞാൻ
എന്നുര ചെയ്തുകൊണ്ടമ്മതൻ സ്നേഹത്തിൻ
തീവ്രതയേറി പ്രണയമായി
ഉള്ളിൽ വസിച്ചീടും ത്രിത്വത്തിൻ സാന്നിദ്ധ്യം
വെളിവാക്കും മുഖപ്രസന്ന ഭാവം
ഏവർക്കും ദൃശ്യമായ് തീർന്നല്ലോ അമ്മതൻ
കർമ്മരംഗങ്ങളിലെപ്പോഴുമെ
ഭക്തി തീക്ഷ്ണതയും മാധുര്യശീലവും
കൈമുതലാക്കിയ അമ്മ തന്റെ
ജീവിതമാതൃക സ്വന്തമാക്കീടുവാൻ
ഉത്സുകരായീടാം സോദരരെ





# ലയനം

**സി. ശാന്തി**



അന്നൊരുനാളതിൽ ദുഃഖമാം വെള്ളിയിൽ
അമ്മതൻ കണ്ണുനീർ കണ്ടുവല്ലോ
അമ്മേ എന്താണമ്മേ എന്നു ചോദിക്കവെ
ഈശോതൻ പീഡകളോർത്തെന്നോതി
കർത്താവിൻ പീഡകൾ ഭക്തിയാൽ ധ്യാനിച്ച്
സഹനങ്ങൾ സന്തോഷം ആക്കിയമ്മ
ഏകാന്തവാസിയാം ഈശോയെ നോക്കി
കണ്ണിമയ്ക്കാതെ ഇരുന്നുവല്ലോ
ഉള്ളിലെ ചിന്തകൾ പുണ്യമാം ജീവിതം
ഏറെ പ്രധാനവും മൗനം തന്നെ
നേടിയെടുത്തമ്മ ആത്മാവിൻ ഉൾക്കോട്ട
ത്രിതൈ്വക ദൈവത്തിൻ വാസസ്ഥാനം
പരിശുദ്ധ ത്രിത്വത്തിൻ ആവാസാനുഭവം
മൂവർ സമ്മേളനം ഹൃത്തടത്തിൽ
സ്നേഹാഗ്നി ജ്വാലയാൽ കത്തിയെരിഞ്ഞമ്മ
ഹോറെബിലെ പോൽ ദൈവദർശനം
സുകൃത തപസ്വിനി ത്രിത്വത്തിൽ ഒന്നായി
തത്ത്വമസിയായിലയിച്ചിരുന്നു
ത്രിത്വത്തിൽ ഒന്നായ അമ്മതൻ ഉൾക്കണ്ണ്
സഹജരിൽ ത്രിത്വത്തെ ദർശിച്ചല്ലോ.





# ആത്മാവിന്റെ അതിഥി

**സി. ഷാരോൺ കാതറിൻ**



സംയോജിത കർമ്മല സഭയുടെ ആദ്യത്തെ
ജനറാളായ് മക്കളെ നയിച്ചൊരമ്മ
പുണ്യത്തിൻ പരിമളം ഭൂവിനു നല്കിയ
കാർമ്മലിൽ പൂത്തൊരു പുണ്യപുഷ്പം

ബാല്യം മുതൽക്കേ ത്രിത്വൈക ദൈവത്തിൻ
നിത്യസ്നേഹത്താൽ എരിഞ്ഞൊരമ്മ
എത്ര സ്നേഹിച്ചാലും മതിയാവില്ലെന്നോതി
നാഥനായ് അർപ്പണം ചെയ്തുമോദാൽ

ഉള്ളിൽ വസിച്ചിടും ത്രിത്വൈക ദൈവത്തെ
പ്രണയിച്ച് ഒന്നായി തീർന്നൊരമ്മ
ആത്മാവിൻ ആഴത്തിൽ വാഴുന്നൊരതിഥിയെ
ഹൃദയത്തിൻ നാഥനായ് സ്വന്തമാക്കി

ത്രിത്വൈക ദൈവത്തിൻ ജീവസാന്നിദ്ധ്യം
ഹൃദയത്തുടിപ്പായി തീർത്തൊരമ്മ
സക്രാരിതന്നിലായ് വാണിടും നാഥന്
കാവലായ് നിന്നതിമോദമോടെ

പരി. ത്രിത്വമേ എൻ ഭാഗ്യമേ എന്ന്
ഓരോ ശ്വാസത്തിലും ജപിച്ചൊരമ്മ
കർമ്മല തന്നുടെ സുഗന്ധമാം അമ്മേ
മക്കളാം ഞങ്ങൾക്കായ് പ്രാർത്ഥിക്കണേ





# ത്രിത്വോപാസക

സി. ബീനാ മരിയ



മൂഴികുളത്തിന്നലങ്കാരമായ് വാഴും
മള്ളുശേരി ഗ്രാമശ്രേഷ്ഠപുത്രി
നാടിനും നാട്ടാർക്കും ആനന്ദഭാജനം
പയ്യപ്പള്ളി വീട്ടിലന്നക്കുട്ടി

ത്രിത്വത്തിൻ കൂട്ടായ്മ സ്വന്തമാക്കിക്കൊണ്ട്
കാർമ്മലിൽ ഐക്യത്തിൻ പാതകാട്ടി
ചാവറതന്നുടെ ചൈതന്യമുൾക്കൊണ്ട്
പ്രണിധാന പ്രാർത്ഥന ജീവിച്ചവൾ

കാർമ്മലിൻ സാരഥി പ്രാർത്ഥന പ്രേഷിത
ത്രിത്വകൂടാരമാം അമ്മ സെലിൻ
അകതാരിൽ കുടികൊള്ളും ത്രിത്വകുടുംബത്തിൽ
ആനന്ദം കണ്ടെത്തി അമ്മയന്നാൾ

ഈശോയിൽ നിത്യവും ഈശോയോടൊപ്പവും
ഈശോയ്ക്കുവേണ്ടിയും ജീവിച്ചവൾ
എപ്പോഴും എവിടെയും ത്രിത്വത്തിൻ കൂട്ടായ്മ
ദർശിച്ചു ജീവവിശുദ്ധി നേടാൻ

അമ്മേ നീ ഞങ്ങൾക്കായ് ആത്മനാഥൻ പക്കൽ
മദ്ധ്യസ്ഥയായിടൂ എന്നുമെന്നും
ത്രിത്വകുടുംബത്തെ ധ്യാനിച്ചു ധന്യരായ്
സ്വർഗ്ഗീയാരാമത്തിൽ ശോഭിച്ചീടാൻ





# സ്വർഗ്ഗീയ പ്രേയസിനി

## സി. പാവനാ മരിയ



ദൈവത്തിന്നാലയം പരിശുദ്ധമാ
ഈ ദേവാലയം നിങ്ങൾ തന്നെയുമാ
പൗലോസു ശ്ലീഹാതൻ തിരുമൊഴികൾ തൻ
ജീവിതത്തിൽ അർത്ഥമാക്കിയവൾ
   ദൈവദാസിയാം മേരി സെലിനാമ്മ
   ഹൃത്തിൽ വസിക്കുന്ന ത്രിത്വത്തിനെ
   കണ്ടുതൻ കാഴ്ചയാൽ തൃപ്തമാക്കീയുള്ളും
   ഉള്ളതുമെല്ലാമേ പങ്കുവച്ചു
ത്രിത്വത്തിൽ സഹവാസ സ്വർഗ്ഗീയ ജീവിതം
ഭൂമിയിൽ തീർത്തൊരു പ്രേയസിനി
ഈ ജീവിതത്തിനായ് പ്രേരണയേകിയതും
ആവിലാ തന്നിലെ അമ്മ ത്രേസ്യാ
   ത്രിത്വസഹവാസ പ്രബോധനവും
   ത്രിത്വ സഹവാസാനുഭവവും
   അമ്മ തെരേസായെ ഗുരുവാക്കി ശിഷ്യയായ്
   സ്വാംശീകരിച്ചു തൻ ജീവിതത്തിൽ
ത്വിത്വത്തിൻ അധിവാസ ബോധമാം ഔഷധം
ശക്തിപ്പെടുത്തിടും ആത്മാവിനെ
ലോകത്തിൻ മദ്ധ്യത്തിൽ കറയറ്റ് ജീവിക്കാൻ
എന്നരുൾ ചെയ്തു നീ മക്കളോടായ്



50



# മാലാഖമാർക്കൊപ്പം

സി. പുഷ്പ

നമ്മുടെ സെലീനാമ്മ



സംയോജിത കർമ്മലതൻ ആദ്യതേരാളി
കാർമ്മൽ സുഗന്ധമേ പാടി വണങ്ങാം
തേനേക്കാൾ മധുവേറും നന്മകൾ തൻ തേരിൽ
ദൈവൈക്യം പ്രാപിച്ചു അമ്മേ നീ മോദാൽ
 പരിശുദ്ധ ത്രിത്വമേ എന്റെ ഭാഗ്യമേ
 എന്നുള്ള ഹൃദയത്തിൻ മന്ത്രങ്ങളാലേ
 ത്രിത്വൈക ദൈവത്തെ ദർശിച്ചിരുന്ന
 അമ്മേ നിൻ ജീവിതം ധന്യമീ ഭൂവിൽ
ത്രിത്വസ്തുതി തന്നുടെ ഫലസിദ്ധിയെന്നും
അപരർക്കും അനുഭവമായ് പകരുന്നോരമ്മേ
ദിവ്യകാരുണ്യത്തിൻ സാന്നിദ്ധ്യമല്ലോ
നിൻ ജീവിതം എന്നും ധന്യമായ് തീർത്തു
 ത്രിത്വത്തിൻ അനുഭവം ഹൃദയത്തിനുള്ളിൽ
 ആഴമായ് ദർശിച്ചപരർക്കും നൽകി
 അതുതന്റെ വദനത്തിൽ എപ്പോഴും എന്നും
 പ്രകടമായ് കാണിച്ചു ഈ ധന്യകന്യ
സ്വർഗ്ഗ വിഹായസ്സിൽ മിന്നി വിളങ്ങും
താരമാം സെലിനാമ്മേ സ്വസ്തിതേ എന്നും
ത്രിത്വത്തിൻ ചാരേ നീ സ്തുതി കീർത്തനമേകി
വാഴുന്നു മാലാഖമാർക്കൊപ്പം വാനിൽ





# മുകിൽ പന്തൽ

സി. മാഗി എലിസബത്ത്

ഉള്ളിൽ തുടിക്കുന്ന ഉണ്മയാം ത്രിത്വത്തെ
ഉള്ളാലെ കണ്ടവൾ ധ്യാനിച്ചെന്നും
ഉള്ളുമുള്ളായ്മയും അത്തിരുസന്നിധേ
ഉലയാത്ത മനസ്സാൽ കൊടുത്ത മാന്യ
ഒരു കുഞ്ഞുകാറ്റിന്റെ അരുമത്തലോടലായ്
ത്രിത്വൈക സാന്നിദ്ധ്യമനുഭവിച്ചും
ഒരു കുഞ്ഞുപൈതലിന്നിടറാത്ത സ്നേഹമോ-
ടരുമയായച്ചാരെ വിശ്രമിച്ചും
ഒന്നുമില്ലായ്മയിൽ സർവ്വം തരുന്നനൽ
സാന്നിദ്ധ്യമായ് വന്ന ത്രിത്വരൂപം
ഒന്നും കുറയ്ക്കാതെ എല്ലാം നിറയ്ക്കുന്ന
സ്നേഹമായി തന്നെ ചൂഴ്ന്നു നിന്നു
കൽത്തൂണിൽ ബന്ധിതൻ കർത്താവിന്നരികേ
കരുണാർദ്രമനമോടെ നിന്നിടുമ്പോൾ
കരുതുന്ന കാവലായ് മനസ്സിൽ നിറഞ്ഞതും
കരുണപൊഴിക്കുമാ ത്രിത്വരൂപം
ഒരു മുകിൽ പന്തലായ് തണലേകി തന്നുള്ളിൽ
ഒരു മാത്ര പിരിയാതെ വാണിടുന്ന
ഒപ്പമായെന്നും തൻ അപ്പം തരുന്ന നൽ
ഓജസാം ത്രിത്വത്തെ വാഴ്ത്തിയവൾ



# ത്രിത്വത്തിന്റെ ലില്ലിപ്പൂവ്

## സി. ജോസ്മി ഗ്രേയ്സ്



സക്രാരി മുന്നിൽ കെടാവിളക്കായെന്നും
നിത്യം ജ്വലിച്ച മദർ മേരി സെലിൻ
സ്നേഹമാമീശോ തൻ സ്വന്തമായ് അപരർക്ക്
സാന്ത്വനമായ് കരുണയൂറുന്ന സ്നേഹമായ്

മള്ളുശ്ശേരി ഗ്രാമത്തിൽ
പയ്യപ്പള്ളി വീട്ടിൽ
മൊട്ടിട്ട കന്യക അന്നക്കുട്ടി
ഈശോയെ സ്നേഹിച്ചീടാനായി എന്നെന്നും
നിതാന്തമാം ജാഗ്രത കാട്ടിയോളേ

പ്രാർത്ഥനയാം ചാലക ശക്തിയിലൂടെന്നും
കർമ്മത്തെ ഈശോയ്ക്കായ് അർപ്പിച്ചവൾ
ഭക്തി കർമ്മ യോഗിയായിടും അമ്മേ
ത്രിത്വത്തിൽ നിത്യം വസിച്ചവളേ

വിശുദ്ധമാം മൗനത്തിലൂടെ ചരിച്ചെന്നും
പുണ്യത്തിൻ പരിമളം തൂകിയമ്മ
മഹിമതൻ ഭാവവും മധുരശീലവും
സി.എം.സി. കാരിസം ജീവിച്ചോളേ

പരി. ത്രിത്വമേ എൻ ഭാഗ്യമേ എന്ന്
നിരന്തരമുരുവിട്ട ദൈവദാസി
പ്രാർത്ഥനയ്ക്കൊപ്പം പ്രവർത്തനവും ചേർന്ന്
ആത്മാക്കളെ സ്വന്തമാക്കിയ അമ്മേ

ക്രൂശിതനോടെന്നും ഐക്യത്തിൽ ജീവിച്ച
ത്രിത്വ കൂടാരമേ മേരി സെലിൻ
പ്രണിധാന പ്രവർത്തിയിൽ വളരുവാനായെന്നും
മക്കൾക്കായ് നിത്യവും പ്രാർത്ഥിക്കണേ





# കർമ്മലകാന്തി

സി. ആലീസ് ശുഭ

ആത്മാവിന്റെ ആഴങ്ങളിൽ
ആത്മാംശമായ് വാണീടുന്ന
പരിശുദ്ധ ത്രിത്വത്തിനു
സ്തുതിയേകീടാം
ത്രിത്വത്തിന്റെ സ്നേഹമായി
സ്നേഹഗേഹമാകുമുള്ളിൽ
സംവഹിച്ചാസാമിപ്യത്തിൽ
ലയിച്ചിരുന്നോൾ
ആരാണിവൾ എന്നറിയാൻ
പുതുതലമുറയ്ക്കായിന്നു
കാഴ്ചവയ്ക്കാം കർമ്മല തൻ
കർമ്മ കാന്തിയേ
ആത്മാവിനാൽ ജ്വലിച്ചൊരു
മുഖകാന്തി ശാലീനത
വിനയത്താൽ കുനിഞ്ഞൊരു ശിരസ്സുമായി
ജനറലേറ്റിന്റെ പടി കടന്നെത്തുന്നവർക്കെല്ലാം
പുഞ്ചിരിയും ദൈവോർമ്മതൻ സാന്നിധ്യവുമായ്
ദൈവകാരുണ്യത്താൽ ദീപ്തമാക്കിയതാമാ ജീവിതം
കരുണയായ് കാരുണ്യമായ് അലിയുകയായ്
സ്നേഹമുള്ള സെലീനാമ്മേ കർമ്മലതൻ സാരഥിയേ
നമിക്കുന്നു നിന്നിൽ നിറയും ദൈവകാന്തിയേ
ഭക്തകർമ്മയോഗം കൊണ്ട് ജീവിതത്തെ ധന്യമാക്കി
ദൈവീക പുണ്യങ്ങളാൽ പ്രഭവിതറി
എല്ലാവർക്കുമമ്മയായി ഓരോരുത്തർക്കും സ്നേഹമേകി
മാതൃത്വത്തിൻ മാനവികഭാവം പകർന്നു
ഏകീകൃത സി.എം.സി.യെ ഏകീകരണ പാതയിൽ
ആക്കിടുവാൻ അഹോരാത്രം സേവനം ചെയ്തു





ഏകീകരണ ലക്ഷ്യം തന്നെ സന്യസ്ത രൂപീകരണം
സംബന്ധിച്ചതായിരുന്നു എന്ന് കാണായി
തിരുസഭയെ സ്നേഹിക്കാനായ് തപം ചെയ്ത തപസ്വിനി
തനിമ നീ കാണിച്ചല്ലോ തൻ രൂപഭാവത്തിൽ
ത്യാഗസ്നേഹ സഹനങ്ങളിൽ നിർഗ്ഗളിച്ച ദൈവസ്നേഹം
നിർബന്ധിച്ചു ശ്ലീഹായേപ്പോൽ പ്രവർത്തിക്കുവാൻ
ത്രിത്വത്തിന്റെ എലിസബത്തിൽ ജ്വലിച്ചതാം ത്രിത്വസ്നേഹം
സ്വന്ത ജീവിതത്തിലമ്മ മാതൃകയാക്കി
പ്രാർത്ഥനയ്ക്കും ദൈവൈക്യജീവിതത്തിനും
സമുന്നത സ്ഥാനം നൽകി മഹത്വമായി
പരി. ത്രിത്വത്തിന്റെ സമസ്തമായ് ഭാഗ്യസ്നേഹ
സന്തോഷത്താലാദ്രമായി അമ്മ തൻ ഹൃത്ത്
ത്രിത്വസഹവാസ സുഖ സുക്ഷുപ്തി തൻ സ്പന്ദനമാ
ചുണ്ടിൽ മന്ത്രധ്വനിയായ നാമജപങ്ങൾ
ജപമാല കയ്യിലേന്തി ജപമണികൾ ഉരുട്ടി
അമ്മചൊല്ലി നന്മ നിറഞ്ഞ മറിയമേ
ഊണിലും ഉറക്കത്തിലും നല്ല കർമ്മ കന്യകയായ്
പദമൂന്നിയത്തരിമണ്ണും മഹത്തരമായ്
വാക്കിലോ നീ മൃദുവായി
നോക്കിലോ നീ ഹൃദ്യമായി
വചനത്തിൻ അമൃതായി
ദൈവദാസിയായ്
നമിക്കുന്നു നന്ദിയോടെ ഗമിക്കുന്നു നിൻപദങ്ങൾ
കർമ്മലയ്ക്കായ് പ്രാർത്ഥിക്കണേ
കർമ്മല കന്യേ
ദൈവദാസി സെലീനാമ്മേ
ദൈവഹിതമേറ്റവളേ
ദൈവത്തിന്റെ ഇഷ്ടപുത്രീ നമിച്ചിടുന്നു



60





# സുകൃതസാരഥി

സി. മേബിൾ

നമ്മുടെ സെലീനാമ്മ



മല്ലുശ്ശേരി ഗ്രാമത്തിൽ പിറന്നുവല്ലോ
പിറന്നതിൽ രണ്ടാണും നാല്പെണ്ണും
പെണ്ണതിൽ ഇളയവൾ അന്നക്കുട്ടി
അന്നതൻ ജനനമോ ഡിസംബറിൽ
ഡിസംബർ പതിന്നേഴിൽ ജ്ഞാനസ്നാനം
ജ്ഞാനസ്നാന നാമം അന്നക്കുട്ടി
അന്നക്കുട്ടിയുടെ ബാല്യകാലം
ബാല്യം മുതൽക്കേ ദൈവസ്നേഹം
ദൈവസ്നേഹത്താലേ ജ്വലിച്ചുവല്ലോ
ജ്വലനത്തിൻ മാതൃക അമ്മയല്ലോ
അമ്മമനസ്സിലെ പ്രാർത്ഥനയും
പ്രാർത്ഥനാവേദിയിൽ വെളിച്ചമേകി
വെളിച്ചത്തിൻ മാതൃക കുടുംബമല്ലോ
കുടുംബത്തിൻ ജീവിതം പുണ്യമാ
പുണ്യമാം ജീവിതം ധന്യമാക്കാൻ
ധന്യയായ് കാർമ്മലിൽ വിരിഞ്ഞുവല്ലോ
വിരിഞ്ഞിടും സൗഗന്ധ സാരഥിയായ്
സാരഥി ദൈവത്തിൻ വിസ്മയമായ്
വിസ്മയം ആത്മീയ തേജസ്സാക്കി
തേജസ്സിൻ സെലിനാമ്മ പ്രേയസിയായ്
പ്രേയസി പ്രിയനായ് പ്രാർത്ഥനയിൽ



പ്രാർത്ഥന ജീവിതമന്ത്രമാക്കി
ജീവിതമന്ത്രത്തിൻ രഹസ്യമോതി
രഹസ്യത്തിൽ താതനിൽ ലയിച്ചുവല്ലോ
ലയിച്ചവൾ ത്രിത്വത്തിൻ ഉൾക്കോട്ടയായി
ഉൾക്കോട്ട ജീവിതം നിത്യമാക്കി
നിത്യവും ജീവിതം കർമ്മലയിൽ
കർമ്മല വളരുവാൻ യത്നിച്ചവൾ
യത്നത്തിൽ ആശ്രയം കാൽവരിയും
കാൽവരി യേശുവിൻ പീഡകളും
പീഡകൾ സഹിച്ചവൻ ശക്തികേന്ദ്രം
ശക്തിയാം യേശുവിൽ ആനന്ദിച്ചു
ആനന്ദം ആത്മാവിൽ അുഭവിച്ചു
അനുഭവം സഹജർക്കായ് നല്കിയല്ലോ
സഹജരിൽ സ്നേഹത്തിൻ പുഞ്ചിരി
യായ്
പുഞ്ചിരിയിൽ ജീവിതം നയിച്ചുവല്ലോ
നയിച്ചു തൻ ജീവിതം സി.എം.സിയ്
ക്കായ്
സി.എം.സി തന്നിലെ സംയോജനവും
സംയോജന ലക്ഷ്യം ലഭ്യമാക്കാൻ
ലഭ്യമാം ജീവിതം ആത്മദാഹം
ആത്മദാഹത്തിനായി അദ്ധ്വാനിച്ചു
അദ്ധ്വാനഫലമോ ധന്യമായി
ധന്യമാം ജീവിതം സകലരിലും
സകലർക്കും അമ്മതൻ വെളിച്ചമേകി
വെളിച്ചമാം ജീവിതം സാക്ഷ്യമേകി
സാക്ഷ്യമാം ആ പാത പുല്കീടുവാൻ
പുല്കിടാൻ സോദരർ പ്രാർത്ഥിക്കുന്നു
പ്രാർത്ഥിക്കാം പാടീടാം സുകൃതങ്ങൾ
സുകൃതവനികയിൽ ജീവിച്ചീടാൻ
ജീവിതം എന്നെന്നും നന്മയാക്കാം

# നമ്മുടെ സെലീനാമ്മ

## കവിതാമാലിക

അന്തരാളത്തിലെ ത്രിത്വസാന്നിദ്ധ്യത്തെ
അനുദിന ധ്യാനത്താൽ ജ്വലിപ്പിച്ച നായികേ,
അൻപെഴും നിത്യസ്നേഹകൂടാരത്തിൽ
അലിവാൽ നയിക്കണേ തനയരാം ഞങ്ങളെ...